സെപ്തംബർ 2017
പുസ്തകം-4 ലക്കം-9

INDIAN SOCIETY OF AUTHORS insa

# നവനീതം

## സാംസ്കാരിക മാസിക



**ഒരു ചലച്ചിത്രകാരന്റെ ജീവിതം കുരിശിൽ - റൊമാൻ പൊളാൻസ്കിയെക്കുറിച്ച്**

**ഡോ. പൽപ്പുവിനെ ഓർക്കുമ്പോൾ**

ശിവദാസൻ എ.കെ.

# വഴി തീരുന്നിടത്ത് അവസാനിക്കാത്ത സ്നേഹങ്ങൾ

ഇരുട്ട് പിടിച്ച് കിടക്കുകയാണ് റോഡ്.

കാളവണ്ടിയുടെ മേൽത്തട്ടിൽ കെട്ടിയ ചിമ്മിനി വിളക്ക് മണവാട്ടിപ്പെണ്ണിന്റെ നെറ്റിയിലെ സ്വർണ്ണപതക്കം പോലുണ്ട്.

കാട്ടുമരങ്ങൾക്കിടയിൽ വകതിരിവില്ലാതെ നൃത്തം വെക്കുന്ന മിന്നാമിനുങ്ങുകൾ.

കഴുത്തിലെ കുടമണികളുടെ താളത്തിൽ ലയിച്ച് വണ്ടി വലിച്ച് മുന്നോട്ട് നീങ്ങുകയാണ് ചെമ്പനും, ചിണ്ടനും.

തുലാക്കുളിര് കവർന്ന കൺപോളകളിൽ കനം തൂങ്ങുന്നു. അതറിഞ്ഞെന്നോണം ആഞ്ചലോസ് ചേട്ടൻ ഓർമ്മിപ്പിച്ചു.

"കൊച്ചുണ്ണ്യേ ഉറങ്ങല്ലേ സ്ഥലം നല്ലതല്ല."

"മറ്റവൻ വന്നു ചാട്യാ പണ്യാ."

"വര്വോ." കൊച്ചുണ്ണി പെടപ്പോടെ ചോദിച്ചു.

"വരില്യാന്ന് പറയാൻ പറ്റ്വോ ഇത് കാടല്ലേ."

കൊച്ചുണ്ണി അങ്കലാപ്പോടെ പുറത്തേക്ക് തുറിച്ചു നോക്കി.

മിന്നാമിനുങ്ങുകൾ തുളയിട്ട ഇരുട്ട് ചുറ്റും കോട്ട കെട്ടി നിന്നു.

ചുവന്നതെല്ലാം മിന്നാമിന്നിയോ, അതോ.

നോക്കിയിരിക്കെ ഇരുട്ടിന് നാലു കാലു വെയ്ക്കുന്നു.

അതിന് കണ്ണു ചുവക്കുന്നു. കൊച്ചുണ്ണിയുടെ ഉള്ള് പിടച്ചു.

ഭഗവാനെ കാത്തോളണെ.

ആരോ പിന്തുടരുന്നതുപോലെ.

കാളകൾ ഇടറി നിന്നു.

ഇരുട്ടിൽ നിന്ന് കുതിച്ചു വന്ന എന്തോ ഒന്ന് കാളകളുടെ മേലേക്ക് വീഴുന്നു,

ആഞ്ചലോസിന്റെ നിലവിളി.

"ചതിച്ചു കൊച്ചുണ്ണ്യേ."

"ബ്രേ"

കുരൽ വള്ളി പൊട്ടിയ കാളകളുടെ കരച്ചിൽ.

പിടി വീണതാർക്കാണ്. ചെമ്പനോ, ചിണ്ടനോ


കൊച്ചുണ്ണി ഞെട്ടിയുണർന്നു.

തൊണ്ട വറ്റിപ്പോയിരിക്കുന്നു.

"ബ്രേ."

വീണ്ടും കരച്ചിൽ ഇരുട്ടു തുളച്ച് അകത്തേക്കു വന്നു.

സ്വപ്നത്തിൽ മാത്രമല്ല. തൊഴുത്തിലും കാളകൾ കരയുന്നുണ്ട്. പഴയ ടോർച്ച് തപ്പിയെടുത്തു. നടക്കുമ്പോൾ വേച്ചു പോകുന്നു.



എന്തുപറ്റി കാളകൾക്ക്. ഒന്നും ഇല്ല. അവ തൊഴുത്തിൽ തന്നെയു ണ്ട്. പിന്നെന്തേ അവ കരഞ്ഞു.

കാളകളും സ്വപ്നം കണ്ടോ. അയാൾക്ക് ചിരി വന്നു.തൊഴു ത്തിന് ചുറ്റും പ്രാഞ്ചി, പ്രാഞ്ചി നടന്ന് അയാൾ ടോർച്ച് തെളിച്ചു. കരുമാടിയും വെള്ളക്കുട്ടനും പരി ചയഭാവത്തിൽ മുരണ്ടു.

ടോർച്ച് വെളിച്ചത്തിൽ ചുവന്ന കണ്ണുമായി ഒരു പൂച്ച വൈക്കോൽ കൂനയിലെ ഉറക്കത്തിൽ നിന്ന് പരി ഭവിച്ചിറങ്ങിപ്പോയി.

തിരിച്ച് നടക്കവെ അയാൾ കാളകളെ ചീത്ത പറഞ്ഞു.

"ചുമ്മാ വാട്ടം പിടിച്ച് നിക്കാണ്ട് ഒറങ്ങാൻ നോക്കടാ പിള്ളാരെ."

കൊച്ചുണ്ണിക്ക് ഉറക്കംകുറവാ ണ്. നടക്കുമ്പോൾ നെഞ്ചിൻ കൂട്ടി ലിരുന്ന് കുരുവികൾ കുറുകുന്നു.

വണ്ടിപ്പണിനിർത്തിയ കാലം മുതൽക്കേ ആളുകൾ പറയുന്നതാ ണ്. കൊച്ചുണ്ണ്യേട്ടാ താനീ കാളോളെ വിറ്റ് കാശാക്ക്.

അറക്കാൻ കൊടക്കാൻ വയ്യ. എന്നു വച്ചാ ഒരു പണീല്ലാണ്ട് താൻ ഇവറ്റോളേം നോക്കിയിരി ക്ക്യാ.

അത് ശരിയാണ്. കാലം കാള വണ്ടിയെ പുച്ഛിച്ച് കടന്നു പോയി രിക്കുന്നു. ഓരോന്നിനും ഓരോ സമയമുണ്ട്.

ആഞ്ചലോസ് ചേട്ടന്റെ കാളവ ണ്ടിയിൽ സഹായിയായി കൂടിയ കാലത്ത് കൊച്ചുണ്ണിക്ക് ഒറ്റ ആഗ്ര ഹമേ ഉണ്ടായിരുന്നുള്ളു.

എന്നെങ്കിലും ഒരു കാളവണ്ടി സ്വന്തമായി വാങ്ങണം. ഒരേറ് കാളകളെയും.

വണ്ടീം കാളേം സ്വന്തായിട്ടേ പെണ്ണു പോലും കെട്ടണുള്ളു.

ഒരിക്കൽ പാലക്കാടു നിന്ന് കുതിരാൻ ഇറക്കം ഇറങ്ങി വരുന്ന ഒരു വെളുപ്പാൻ കാലത്ത് കാളകൾ ഒരു കാര്യം തിരിച്ചറിഞ്ഞു. വണ്ടി യിൽ അന്ന് കൊച്ചുണ്ണി ഉണ്ടായി രുന്നില്ല. തങ്ങൾക്കു മാത്രം മനസ്സി ലായ കാര്യവുമായി പിന്നെയും പത്തമ്പത് കിലോ മീറ്റർ നിർത്താതെ ഓടി കാളകൾ ആഞ്ച ലോസ് ചേട്ടന്റെ വീട്ടിലെത്തി.

അങ്ങനെ ആഞ്ചലോസ് ചേട്ടൻ ഉറക്കത്തിൽ മരിച്ചുപോയ ഭാഗ്യവാനായി.

ആളുകൾ അതിശയിച്ചു.

"കാളകളുടെ ഒരു കൂറ് കണ്ടോ."

അങ്ങോരുടെ മക്കൾക്ക് നല്ല കാലം തുടങ്ങിയിരുന്നു.

അപ്പനീ പണിക്കൊന്നും പോകണ്ടാ എന്ന് പറഞ്ഞു തുടങ്ങി യിട്ടേറെയായി.

പക്ഷേ ആഞ്ചലോസ് ചേട്ടന് അങ്ങനെ ഇട്ടെറിഞ്ഞു പോകാൻ വയ്യായിരുന്നല്ലോ. വിധി ആഞ്ച ലോസ് ചേട്ടനെ ഇട്ടെറിഞ്ഞു പോയി അധികം താമസിയാതെ കൊച്ചുണ്ണി മൂത്തമകൻ സഖറിയാ സിനോട് ചോദിച്ചു.

"വണ്ടീം കാളേം വിൽക്കാ ണേല് ഞാനെടുത്തോളാം എന്തേ വെലേന്ന് വച്ചാ പറഞ്ഞാ മതി."

സഖറിയാസ് പറഞ്ഞു.

"വില ചേട്ടൻ പറ."

ഉള്ളതെല്ലാം വിറ്റു പെറുക്കി അയ്യായിരം രൂപയുമായി കൊച്ചു ണ്ണി സഖറിയാസിനെ കാണാൻ ചെന്നു.

കയറു മാറുമ്പോൾ സഖറിയാ ഒരു പൊതി കൂടി കൊച്ചുണ്ണിക്ക് തിരികെ കൊടുത്തു.

അയ്യായിരം രൂപ.

മിഴിച്ചു നിന്ന കൊച്ചുണ്ണിയോട് സഖറിയാ പറഞ്ഞു.

'അപ്പന്റെ ഈ അനന്തരാവ കാശം കൊച്ചുണ്ണ്യേട്ടനുള്ളതാണ്."

വെള്ളക്കാളകളെ കൊണ്ട് തേരോടിച്ച് ആകാശം തലക്കുമുക ളിൽ ഉദിച്ചു നിന്നു. അതൊരു തിരക്കു പിടിച്ചകാലമായിരുന്നു.

നാലോ, അഞ്ചോ കൊല്ലം കൂടു മ്പോൾ കാളകൾ മാറി മാറി വന്നു.

തടിക്കാരും, പേപ്പർമില്ലുകാരും കാത്തു നിന്നു.

"കൊച്ചുണ്ണ്യേ പറഞ്ഞാ പറ

**ടോർച്ച് വെളിച്ച ത്തിൽ ചുവന്ന കണ്ണുമായി ഒരു പൂച്ച വൈക്കോൽകൂന യിലെ ഉറക്കത്തിൽ നിന്ന് പരിഭവിച്ചിറ ങ്ങിപ്പോയി.**

ഞ്ഞ സമയത്ത് സാധനം പോണാ ട്ടാ."

"എന്താ സംശയം"

ആരും സംശയിച്ചില്ല. അതിന്റെ ആവശ്യമില്ല. കൊച്ചുണ്ണി പറഞ്ഞാ പറഞ്ഞതാണ്.

കാളവണ്ടിക്കാലം തീർന്നുപോ കുമെന്ന് അന്ന് കൊച്ചുണ്ണി കരുതി യതല്ല.

പക്ഷേ പിന്നെപ്പിന്നെ അതു മനസ്സിലാകാൻ തുടങ്ങി.

പുതുക്കിപ്പണിത ഓരോ റോഡിനു മുന്നിലും ഒരുബോർഡ് കൂടി വന്നു.

ഈ വഴിയിലൂടെ കാളവണ്ടി ഗതാഗതം നിരോധിച്ചിരിക്കുന്നു.

ആര് നിരോധിച്ചെന്നാണ്.

കൊച്ചുണ്ണിക്കതറിയാം.

അത് കാലത്തിന്റെ നിരോധന മാണ്.

ഒടുവിൽ മില്ലിലേക്ക് വല്ല പ്പോഴും കിട്ടുന്ന മരപ്പണി മാത്ര മായി ചുരുങ്ങി ചുരുങ്ങി ഒരു ദിവ സം കാളവണ്ടി അതിന്റെ യാത്ര എന്നന്നേക്കുമായി അവസാനിപ്പി ച്ചു.

അവസാനത്തെ കാളകളാണ് വെള്ളക്കുട്ടനും കരുമാടിയും.

വണ്ടിപ്പണി നിർത്തിയ കാലത്ത് ഒരു ദിവസം ഇറച്ചിവെട്ടു കാരൻ തോമ ചോദിച്ചു.

"കൊച്ചുണ്ണ്യേട്ടാ രൂപ പതിന യ്യായിരം ഞാനങ്ങട് കൈയ്യീ വച്ചു

തരും. ന്നാ."

എന്തു ചെയ്യും. കൈയ്യിൽ കാൽക്കാശില്ല.

കൊച്ചുണ്ണിയൊന്ന് പകച്ചു.

പതിനയ്യായിരം നിസ്സാര കാശല്ല. മോഹവിലയാണ്.

"ന്നാ പിടിച്ചോ അച്ചാരം. നാളെ രാവിലെ ഞാൻ വരണ്ട്."

തോമ തോളത്തിട്ട രണ്ടാം മുണ്ട് ഒന്ന് കുടഞ്ഞിട്ടു. കശാപ്പുകാരന്റെ മണം വായുവിൽ നിറഞ്ഞു.

കയ്യിൽ പിടിച്ച ആയിരം രൂപയുമായി കൊച്ചുണ്ണി അനങ്ങാതിരുന്നു.

ചെയ്തത് കടുപ്പമായോ. അറിയില്ല.

വാണിയംകുളം ചന്തയിൽ നിന്ന് വെള്ളക്കുട്ടനേം, കരുമാടിയേം വാങ്ങി വന്നത് ഓർമ്മയുണ്ട്. വാങ്ങിയതിനേക്കാൾ ഇരട്ടി വിലക്ക് ചോദിച്ചിട്ടും കൊടുത്തില്ല.

കൊച്ചുണ്ണിക്ക് കൂട്ടുകുടാൻ കാളകളെ ഉള്ളൂ. കൊച്ചുണ്ണിക്ക് സംസാരിക്കാൻ, ദെണ്ണം പറയാൻ, സ്വകാര്യം പറയാൻ അതിനൊന്നും ആരും ബാക്കിയില്ലാതായിരിക്കുന്നു.

റോഡരുകിനോട് ചേർന്ന് ഒട്ടും മുറ്റമില്ലാതെ തെറിച്ചു നിന്ന അയാളുടെ പുര അയാളെപോലെ തന്നെ ഒറ്റയ്ക്കായിരുന്നു. ഉപേക്ഷിക്കപ്പെട്ട കാളവണ്ടി.

ചോർന്നു തീരുന്ന തൊഴുത്ത്, കുമുകുമാന്ന് ചാണകത്തിന്റെ നാറ്റം. അഞ്ചു സെന്റിനെ കവർന്നെടുക്കാൻ വെമ്പി വീടിനൊരു പുറകിലൂടെ മറ്റൊരു റോഡ്.

ആ നാറ്റം പിടിച്ച വീടവിടുന്നു പോയാ റോഡിനൊരെടുപ്പുണ്ട്.

വഴിയെ പോകുന്നവർപറഞ്ഞ് നടന്നുപോയി.

അച്ചാരം വാങ്ങിയ രാത്രി കൊച്ചുണ്ണിക്കുറങ്ങാൻ കഴിഞ്ഞില്ല.

അയാളുടെ ഓരോ മയക്കത്തെയും തൊഴുത്തിൽ നിന്നുള്ള ഒച്ചകൾ തട്ടിയുണർത്തി.

ചില സ്വപ്നങ്ങളിൽ അയാൾ കാലുകെട്ടിയിട്ട കാളയെ കണ്ടു. കുരല് പൊട്ടുന്ന നിലവിളി, ചിതറുന്ന ചോര.

പിറ്റേന്ന് തോമ വന്നപ്പോൾ കൊച്ചുണ്ണി അച്ചാരം തിരികെ കൊടുത്തു.

'തനിക്കെന്താ പ്രാന്തായോ കൊച്ചുണ്ണ്യേട്ടാ, നിങ്ങളീ കാളോളെ എന്ത് കാട്ടാൻ പോണ്?"

കൊച്ചുണ്ണിക്ക് മറുപടിയില്ലായിരുന്നു.

"കൊറച്ച് കൊല്ലം കൂടി കഴിഞ്ഞാൽ പിന്നെ തോല് വെല്യാ കിട്ടുള്ളോട്ടാ. മറക്കണ്ട. വയസ്സാംകാലത്ത് കിട്ടീത് മിച്ചംന്ന് കരുത്."

കൊച്ചുണ്ണി മിണ്ടിയില്ല.

തന്തേടെ ഓരോ പ്രാന്ത്. തോമ പുറത്തേക്ക് നടക്കുന്നതിനിടിയിൽ പിറിപിറുത്തുകൊണ്ട് രണ്ടാം മുണ്ട് നീട്ടിക്കുടഞ്ഞു. ചോരമണം തേടിയെത്തിയ മണിയനീച്ചകൾ തോമക്കൊപ്പം പടിയിറങ്ങി.

കൊച്ചുണ്ണിക്ക് വയസ്സായിക്കൊണ്ടേയിരുന്നു. കൊച്ചുണ്ണിക്ക് മാത്രമല്ല കാളകൾക്കും, കാളവണ്ടിക്കും വീടിനും.

പിന്നെയൊരു ദിവസം രണ്ടു പേർ കൊച്ചുണ്ണിയെകാണാൻ വന്നു.

"ആരാ?"

"ഞങ്ങള് പത്രത്തിലെഴുതുന്നോരാ."

"അതിനെന്നെക്കുറിച്ചെന്തെഴുതാനാ?"

"നിങ്ങളീ നാട്ടിലെ അവസാനത്തെ കാളവണ്ടിക്കാരനല്ലേ?"

ആണോ.

കൊച്ചുണ്ണി ചിരിച്ചു.

"വണ്ടി നിർത്തിയിട്ടും കാളകളെ വിൽക്കാതെ നിർത്തീരീക്കുന്നതെന്തേ?"

"അതൊക്കെ ഒരു ബന്ധല്ലേ."

"എന്തു ബന്ധം."

"എല്ലാ ബന്ധോം വിശദീകരിക്കാൻ പറ്റ്വോ."

"കാളകൾക്ക് എത്രവയസ്സായി?"

"പല്ലെണ്ണം നോക്ക്യാ രണ്ടിനും പതിനേഴ് കടന്നു."

"കൊച്ചുണ്ണ്യേട്ടൻ എങ്ങന്യാ ജീവിക്കണെ?"

"സർക്കാർ പെൻഷൻ കാശ് ഉണ്ട്."

"എത്രയാ?"

"ആയിരം രൂപമാസത്തില് വല്ലപ്പോഴേ കിട്ടൂ."

"അതോണ്ട് ഒരാൾക്ക് ജീവിക്കാൻ പറ്റ്വോ?"

"അതോണ്ട് ഒരാള് മാത്രല്ല, രണ്ട് കാളോളും കൂട്യാ ജീവിക്കണെ."

പിള്ളേര് പടിയിറങ്ങിപ്പോയി. പത്രത്തിൽ വാർത്ത വന്നോ എന്ന് കൊച്ചുണ്ണി ആരോടും ചോദിച്ചില്ല. ആരും പറഞ്ഞതുമില്ല.

നേരം വെളുത്തപ്പോൾ കുഞ്ഞേലിയാമ്മ കലി തുള്ളി വന്നു.

"ദേ, തന്തേ. ഈ വയസ്സാംകാലത്ത് ഞങ്ങടെ കഞ്ഞികുടി മുട്ടിക്കരുത്.'

"എന്തേ?"

"എന്തേന്നോ, ദേ, അങ്ങട് നോക്ക്. വാഴത്തൈ എത്ര്യാ കളഞ്ഞേന്ന്."

കൊച്ചുണ്ണി മുന്നിലേക്ക് നോക്കി.

പ്രകാശം കുറഞ്ഞ പകൽ കണ്ണിൽ തട്ടി.

റോഡിനപ്പുറം ഗൾഫുകാരൻ അവറാന്റെ മണ്ണു നികത്തിയ പാടമാണ്.

അവിടെ കൃഷി ചെയ്യുന്നത് കുഞ്ഞേലിയാമ്മയും മകൻ ജോസഫുമാണ്.

കാളകളിനി കണ്ണു തെറ്റി ഇറങ്ങിപ്പോയോ, എപ്പോൾ?

അയൽപക്കത്തുനിന്നെല്ലാം പണ്ട് കഞ്ഞിവെള്ളം ഒരു പാത്രത്തിൽ കിട്ടുമായിരുന്നു. ഇപ്പോൾ എല്ലാ വീടിനും മതിലും ഗേറ്റുമായി.

എത്ര ബുദ്ധിമുട്ടിയാലും കാള

കളെ പട്ടിണിക്കിടാറില്ലല്ലോ.

നാട്ടാർക്ക് നമ്മളായിട്ട് ബുദ്ധിമുട്ട് വരുത്തരുത്. കൊച്ചുണ്ണി കാളകളോട് പറഞ്ഞിട്ടുണ്ട്.

എന്നിട്ട് എന്തേ അവരിറങ്ങിപ്പോയി?

അതിവിടുത്തെ കാളകളാണോ, അതോ...

അതോ താൻ പുല്ലു കൊടുക്കാൻ മറന്നോ

ഇന്നലെയും കൊടുത്തതാണല്ലോ

ഇന്നലെ എന്താഴ്ചയായിരുന്നു.

ബുധനോ, വ്യാഴമോ

കൊച്ചുണ്ണിക്ക് തിക്കു മുട്ടി. താൻ കാളകളെ ശരിക്ക് നോക്കുന്നില്ലെ?

കൊച്ചുണ്ണി മുറ്റത്തിറങ്ങി രണ്ട് ചാൽ നടന്നു.

ഉച്ചവെയിലിനു മുന്നേ കുറുകിയ നിഴലുകൾ കൂടെ നടന്നു.

ഉച്ചവെയിലാറും മുന്നേ അയാൾ അടുക്കളയിലെത്തി.

ക്ലാവു പിടിച്ച അരിപ്പാത്രത്തിനടിയിലെ റേഷനരിയിലെ തീർന്നു പോകുന്ന വെളുപ്പിലേക്ക് അൽപനേരം നോക്കിയിരുന്നു.

മൊത്തം കുടഞ്ഞിട്ടു. രണ്ടിടങ്ങഴി കാണും.

അരിയിൽ മുട്ടയിട്ടു കിടന്ന കൂറകൾ ദേഷ്യത്തോടെ ചിതറിപ്പരന്നു.

അരി കഴുകി അടുപ്പത്തിട്ടു. തിളക്കുന്ന കഞ്ഞി.

കരുമാടിക്കും വെള്ളക്കുട്ടനും അവർക്ക് വെള്ളം കൊടുക്കുന്ന പാത്രത്തിൽ കഞ്ഞി വിളമ്പി. ഒരു പാത്രത്തിൽ തനിക്കുള്ള കഞ്ഞിയുമായി കൊച്ചുണ്ണി തൊഴുത്തിൽ ചെന്നിരുന്നു.

“കുടിച്ചോളൂ മക്കളെ.’

കാളകൾ പാത്രം കാലിയാക്കി കഴിഞ്ഞിരുന്നു.

അകത്ത് പോയി പിഞ്ഞിയ ഷർട്ടുമെടുത്തിട്ട് കൊച്ചുണ്ണി വിളിച്ചു.

“വാ.”



കൊച്ചുണ്ണി മുന്നേ നടന്നു. കാളകൾ പിന്നാലെയും. പരിചയമുള്ള മുഖങ്ങളിൽ ചിലതു വെറുതെ ചോദിച്ചു. എങ്ങോട്ടാ യാത്ര?

പരിചയം തീർന്നിടത്ത് ആളുകൾ അമ്പരന്ന് നോക്കി.

“ഇവരിതെങ്ങോട്ടാണ്?”

കാളകൾ റോഡിനോരത്തുകൂടെയൊഴുകിയ തോടിൽ നിന്നും കരി ഓയിൽ പാടമാറ്റി വെള്ളം കുടിച്ചു. ഡീസലിന്റെ മണം പൂശിയ പുല്ല് തിന്ന ദൂരെ എവിടെ നിന്നോ വന്ന പശു, ചാണകത്തിന്റെ മണം പിടിച്ച് മുഖം ചുളിച്ചു നിന്നു. പിന്നെ നടന്നു. അന്തി മയങ്ങും മുമ്പേ താഴ്‌വാരം തീർന്ന് കുന്ന് കയറാൻ തുടങ്ങി.

കൊച്ചുണ്ണി നിന്നു. നെഞ്ചിൻ കൂടിനകത്തെ കുരുവികൾ വാശിയോടെ കുറുകാൻ തുടങ്ങി.

കാടു തുടങ്ങുന്നിടത്തെ തേക്കിൻ തോട്ടം ചൂണ്ടി കൊച്ചുണ്ണി കാളകളോട് പറഞ്ഞു.

“പൊക്കോ.’

കാളകൾ രണ്ടടി മുന്നോട്ട് വെച്ചു.

തിരിഞ്ഞു നിന്ന് കാളകൾ കൊച്ചുണ്ണിയെ നോക്കി. അയാൾ കയർത്തു.

‘‘നായിന്റെ മക്കളെ പൊക്കോളാനല്ലേ പറഞ്ഞത്.’

കാളകൾ കുറച്ചു കൂടി മുന്നോട്ട് നടന്നു.

കാട്ടു മരച്ചില്ലകളിൽ കറുപ്പു കൂട്ടിത്തുന്നി സന്ധ്യവരവറിയിച്ചു. അന്തിവെയിലിന്റെ പാളത്തൊപ്പിയേന്തി നിന്ന് കുന്നിൻ തലപ്പുകളിലേക്ക് പക്ഷികൾ ചേക്കേറുന്നതിന്റെ കലഹം. അന്തിച്ചുവപ്പ് പൊട്ടു തൊട്ട ചക്രവാളത്തിലേക്ക് ആകാശം ഒത്തിരി കാളക്കുട്ടൻമാരെ പെറ്റിട്ടു.

കിളിക്കരച്ചിലുകൾക്ക് താഴെ കുറ്റിപ്പുല്ലുകൾ വളർന്ന് വഴിയടഞ്ഞു പോയ വിശാലമായ പരപ്പിലേക്ക് കാളകൾ കടന്നു.

പച്ചപ്പിന്റെ സമൃദ്ധിയിൽ മതിമറന്ന് ഒരു നിമിഷം നിന്നു. പിന്നെ തിരിഞ്ഞ് കൊച്ചുണ്ണിയെ നോക്കി വിളിച്ചു.

“വാ.”

കാളകൾ തെളിച്ച വഴിയിലൂടെ നീരിറങ്ങിയ കാലുമായി കൊച്ചുണ്ണി പ്രാഞ്ചി പ്രാഞ്ചി നടക്കാൻ തുടങ്ങി.